SUNDAY 12.11.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 12/11/2023

1. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സം സ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം. കമ്മീഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പാ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0471 2743782, 2743783.** റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫിസറുടെ സാക്ഷ്യ പത്രത്തിന്റെ അസ്സൽ, കർഷകനാണെന്ന് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) വായ്പ നിലനിർത്തുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷക്കൊപ്പം നൽകേണ്ടതാണ്.

2. കാർഷിക സർവ്വകലാശാല ഫോറസ്ട്രി കോളേജ്, വെള്ളാനിക്കരയിൽ ഒഴിവുള്ള 'തിരഞ്ഞെടുത്ത അതിവേഗം വളരുന്ന വൃക്ഷ ഇനങ്ങളുടെ വളർച്ചയുടെയും ഉൽപാദനക്ഷമതയുടെയും വിലയിരുത്തൽ' സംബന്ധിച്ചുള്ള പ്രൊജക്ടിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് നവംബർ 17 ന് (17.11.2023) രാവിലെ 9:30ന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു .കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലകമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ മാസത്തിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. 21 ന് 'കൃത്യതാകൃഷിയും പച്ചക്കറി ഗ്രാഫ്റ്റിംഗും'', 22 ന് ''കായിക പ്രജനന മാർഗ്ഗങ്ങളും (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്) മാവിന്റെ പരിപാലനവും'' , 28 ന് ''കന്നുകാലി ഫാമുകളിലെ ജൈവമാലിന്യ സംസ്കരണവും ജൈവസുരക്ഷയും'' (ചാണകത്തിൽ നിന്നുള്ള വിവിധതരം വളങ്ങൾ) , 29 ന് ശുദ്ധജലമത്സ്യകൃഷി- 29 പങ്കെടുക്കാൻ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

താല്പര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിയ്ക്കും വൈകുന്നേരം 5 മണിയ്ക്കും ഇടയിൽ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 15, 16 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2501706/ 8113893159/ 884899756

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാട കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ 0479 2452277, 9544239461 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരു മാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ, തീറ്റപ്പുൽതണ്ട് എന്നിവയുടെ വിപണനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 6282937809, 0466- 2912008, 2212279

7. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ബി.വി380 ഇനത്തിൽപ്പെട്ട കോഴി കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

8. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്ത ആസ്പദമാക്കി 13/11/2023 മുതൽ 17/11/2023 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 13 ന് കാടവളർത്തൽ, 20, 21 തീയതികളിൽ ആടുവളർത്തൽ, 28 ന് പോത്തുകുട്ടി പരിശിലനം എന്നീ വിഷയങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 14, 15 തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ താല്പര്യമുള്ള കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ ഈ മാസം 13ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473

11. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നവംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം